"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building, ശാന്തിനഗർ,
തിരുവനന്തപുരം - 695 001.

നമ്പർ:- സി1/7547/15 തീയതി:- 11.06.2015.

## ഭേദഗതി അറിയിപ്പ് (Prospectus No. NCVT/01/2015)

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ-കളിൽ 2015 ആഗസ്റ്റ് സെഷനിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസുകൾ 08.06.15-ന് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. സ്വന്തമായി സ്ഥലം ലഭ്യമാകാത്ത **11** സർക്കാർ ഐ.ടി.ഐ-കളിൽ സർക്കാർ ഉത്തരവ് ലഭ്യമാകുന്നതുവരെ 2015 ആഗസ്റ്റ് സെഷനിലെ പ്രവേശന നടപടികൾ നടത്തേണ്ടതില്ലായെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, എൻ.സി.വി.റ്റി അംഗീകാരമുള്ള ട്രേഡുകൾ/യൂണിറ്റുകൾ ഉള്ള **03** സർക്കാർ ഐ.ടി.ഐ-കളെ **പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015**-ലെ അനുബന്ധം - **2** പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2015 ആഗസ്റ്റ് സെഷനിൽ കൂടി ടി ഐ.ടി.ഐ-കളിൽ പ്രവേശനം നടത്തുവാൻ സർക്കാരിൽ നിന്ന് നിർദ്ദേശം ലഭിച്ചിരിക്കുന്നതിനാൽ, **പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015**-ലെ അനുബന്ധം - **2** പട്ടികയിൽ ചുവടെ പറയുന്ന സർക്കാർ ഐ.ടി.ഐ-കളെ ക്രമനമ്പർ. **39** മുതൽ **41** വരെയായി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഐ.ടി.ഐ-കളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 39. | ഗവ: (വനിത) ഐ.ടി.ഐ മെഴുവേലി, പത്തനംതിട്ട. | ***മെട്രിക് ട്രേഡ്*** | |
| | | 1. ആർക്കിടെക്ചറൽ അസിസ്റ്റന്റ് | 1 |
| 40. | ഗവൺമെന്റ് ഐ.ടി.ഐ കായംകുളം, ആലപ്പുഴ. | ***മെട്രിക് ട്രേഡുകൾ*** | |
| | | 1. കംപ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 |
| | | 2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 41. | ഗവൺമെന്റ് ഐ.ടി.ഐ പുഴക്കാട്ടിരി, മലപ്പുറം. | ***മെട്രിക് ട്രേഡ്*** | |
| | | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |

സെക്രട്ടറി, എസ്.സി.വി.റ്റി

എല്ലാ ഐ.ടി.ഐ/ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും
(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന)